കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി).പി1/51/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
വയനാട് കൽപ്പറ്റ – 673121
തീയതിഃ 01.02.2020
ഫോൺ 04936-203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖേന)

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാര മുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

. .ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്ത് പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന

ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

. .റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം20,23,1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

<u>പകർപ്പ്:</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി).പി1/ 51/2020

തിയ്യതി: 01/02/2020

<u>വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1/04/2018മുതൽ 31/10/2019വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ

ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീമതി. വസന്ത പി. എസ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.12.2019 മുതൽ 24.12.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. നവാസ് കെ. എം.<br>അസി ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഡേവിഡ്. കെ. വി.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അലി അക്ബർ.കെ.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.റ്റിജി വർഗ്ഗീസ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ക്രമ നം. | ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | പ്രസിഡണ്ട് | ശ്രീ.നാസർ. പി.എം. | 01.04.18 മുതൽ 31.03.19 വരെ |
| 2 | വൈസ് പ്രസിഡണ്ട് | ശ്രീമതി.ജെസ്സി ജോണി | 01.04.18മുതൽ 31.03.19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1. | സെക്രട്ടറി | ശ്രീ ബിജേഷ് എ എം | 01-04-18 മുതൽ 31- |

| | | | |
|---|---|---|---|
| | | | 03-19 വരെ |
| 2. | കൃഷി ഓഫീസർ | ശ്രീമതി. രേഖ.ടി | 1.04.2018മുതൽ 31.03.2019 വരെ |
| 3 | വെറ്റിനറി സർജൻ | ഡോ.ധന്യരാജൻ | 01.04.2018മുതൽ 11.06.2018 വരെ |
| | | ഡോ.മീനജ | 17.06.2018മുതൽ 31.03.2019 വരെ |
| 4 | വില്ലേജ് എക്സ്റ്റൻ ഷൻ ഓഫീസർ | ശ്രീമതി സാലിജ | 01.04.2018മുതൽ 31.03.2019 വരെ |
| 5 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അശ്വതി രാജ് | 01.04.2018മുതൽ 30.04.2018 വരെ |
| | | ഡോ.അബ്രഹാം ജേക്കബ് | 01.05.2018മുതൽ 31.03.2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മെറീന ഫിലിപ്പ് | 01.04.2018മുതൽ 31.03.2019 വരെ |
| 7 | എെ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശാന്താകുമാരി പി എസ് | 01.04.2018മുതൽ 31.03.2019 വരെ |
| 8 | അസി. എഞ്ചിനീയർ | ശ്രീ.തങ്കച്ചൻ | 01.04.2018മുതൽ 31.3.19 വരെ |
| 9 | ഹെഡ് മിസ്ട്രസ് | ശ്രീമതി.മേരി നല്ലൻകുഴിയിൽ. | 01.04.2018മുതൽ 31.03.2019 വരെ |
| 10 | ടി.ഇ.ഒ. | ശ്രീമതി.ഉമാദേവി | 01.04.2018മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം ) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിലെ ഭരണ ചെലവുകൾ | 1-13 |
| 14 | കൊടുങ്കയം കോളനി നടപ്പാത കോൺക്രീറ്റ് - പ്രവൃത്തികൾ ചെയ്യാതെ ഫണ്ട് നഷ്ടപ്പെടുത്തി. | 1-14 |
| 15 | കരാറുടമ്പടിവെച്ച് കരാറുകാരെ ഏൽപ്പിച്ച പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. | 1-15 |
| 16 | കരാറുടമ്പടി അംഗീകരിച്ചതിലും അധിക തുക കരാറുകാർക്ക് നൽകി. | 1-16 |
| 17 | ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു. | 1-17 |
| 18 | അംഗൺവാടി പോഷകാഹാരം(എസ് ടി) അർഹർക്ക് വിതരണം ചെയ്യാത്തത് സംബന്ധിച്ച്. | 1-18 |
| 19 | പുനർജ്ജനി പദ്ധതി - കട്ടിലുകൾ മുഴുവൻ വിതരണം ചെയ്തിട്ടില്ല. | 1-19 |
| 20 | ലൈഫ് പദ്ധതി(ഫെയ്സ് 1) - എസ്.ടി വീടുകൾ-സ്റ്റേജ് വ്യക്തമാകുന്നില്ല. | 1-20 |
| 21 | ലൈഫ് ഭവന പദ്ധതി - ഫെയ്സ് 1- വീടുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. | 1-21 |
| 22 | എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. | 1-22 |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 25 | വായ്പ / വായ്പ തിരിച്ചടവ് | 4-3 |
| 26 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-5 |
| 28 | ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-6 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-8 |
| 31 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം -1 |
| 32 | ന്യൂനതകളുടെ സംഗ്രഹം | അനുബന്ധം -2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിൻെറ 2018-19 വർഷത്തെ ബജറ്റ് 27/03/2018 തീയ്യതിയിലെ 1/1 തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബഡ്ജറ്റ് 20/02/2019 തീയ്യതിയിലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.19 | 21/05/2019 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|
| 2018-2019 | 31/ 05/2019 മുതൽ / 01/06/2019 | കെ എസ് എ ഡബ്ല്യ വൈ ഡി പി1/397/19/23/08/19 |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 39674656 |
| വരവ് | 51877191 |
| ആകെ | 91551847 |
| ചെലവ് | 79242199 |
| | |

| നീക്കിയിരിപ്പ് | 12309648 |
|---|---|
| | |

# 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് ( ജനറൽ) | 0 | 8869761 | 8869761 | 6644588 | 2225173 |
| വികസന ഫണ്ട് (എസ്.സി.പി ) | 0 | 677000 | 677000 | 105751 | 571249 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 6612000 | 6612000 | 6331009 | 280991 |
| മെയിന്റനൻസ് (റോഡ് ) | 0 | 7347000 | 7347000 | 6194922 | 1152078 |
| മെയിന്റനൻസ് (റോഡിതരം) | 0 | 2780000 | 2780000 | 2776243 | 3757 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 4213000 | 0 | 4204215 | 8785 |
| തനത് ഫണ്ട് | 599708 | 9564587 | 10164295 | 9117990 | 1046305 |
| ക്യാഷ് ( തനത് ) | 0 | 18735 | 18735 | 0 | 18735 |
| ആകെ | 599708 | 40082083 | 40681791 | 35374718 | 5307073 |

ACR പ്രകാരമുള്ള കണക്കും വാർഷിക കണക്കും തമ്മിൽ വ്യത്യാസം ഉണ്ട്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 104341121 | 104 | 52627398 | 6 | 50 | 65 |

# 1-7 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 2663 | 1563884 | 1566547 | 1562902 | 3645 |
| വേതനം | 0 | 29038047 | 29038047 | 29038047 | 0 |

മേൽ കണക്ക് പഞ്ചായത്ത് നൽകിയതാണ്. ഇത് വാർഷിക കണക്കുമായി വ്യത്യാസമുണ്ട്.

# 1-8 ക്ഷേമ പദ്ധതികൾ

| | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 302 | 5723100 |
| വിധവ പെൻഷൻ | 511 | 8502200 |
| വികലാംഗ പെൻഷൻ | 118 | 2041200 |
| തൊഴിലില്ലായ്മ വേതനം | 14 | 12360 |
| വാർദ്ധക്യ കാല | 639 | 10488100 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 4 | 120000 |

പഞ്ചായത്ത് നൽകിയ മേൽ കണക്ക് വാർഷിക കണക്കുമായി വ്യത്യാസമുണ്ട്.

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)0 വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2019 ന് 4 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20662/-രൂപ(ഇരുപതിനായിരത്തി അറുന്നൂറ്റി അറുപത്തി രണ്ട് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2019 | 1.4.2019 മുതൽ 30.10.19 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.1.2018 മുതൽ 25.1.18വരെ | 2012 – 13 മുതൽ 2016 – 17 വരെ | 16.3.2018 |

# 1-11 ആഭ്യന്തര നിയന്ത്രണം

ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ട്, ചേർന്ന ഓഫീസ് മീറ്റിംഗ് മുണ്ടസ് കാലികമായി സൂക്ഷിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ മാസറ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തി രജിസറ്റർ കാലികമാക്കിയിട്ടില്ല. അക്വിറ്റൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്, ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതികൾ സംബന്ധിച്ച കാര്യമായ ഇടപെടലുകൾ നടത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ അതാത് വിഷയ മേഖലകളിൽ കാര്യമായി ഇടപെടുന്നില്ല.

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്.

# 1-13 തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിലെ ഭരണ ചെലവുകൾ

2018-19 സാമ്പത്തിക വർഷം താഴെ പറയുന്ന മാസങ്ങളിൽ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിലെ ഭരണ ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും വേതനം, ടെലഫോൺ, സ്റ്റേഷനറി, വാഹന വാടക, പ്രിന്റിംഗ് എന്നീ ഇനങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുമ്പോൾ പണം തനത് ഫണ്ടിലേക്ക്

തിരിച്ചടക്കേണ്ടതാണ്.

| ക്രമനം | മാസം, ഇനം | തുക |
|---|---|---|
| 1 | ഏപ്രിൽ 2018 | 74,132 രൂപ |
| 2 | മെയ് 2018 | 84,000 രൂപ |
| 3 | ജൂൺ 2018 | - |
| 4 | ജൂലൈ 2018 | 2,184 രൂപ |
| 5 | ആഗസ്റ്റ് 2018 | 1,23,682 രൂപ |
| 6 | സെപ്റ്റംബർ2018 | 2,046 രൂപ |
| | | |

| | | |
|---|---|---|
| 7 | ഒക്ടോബർ 2018 | 84,996 രൂപ |
| 8 | നവംബർ 2018 | 27,956 രൂപ |
| 9 | ഡിസംബർ 2018 | 1,61,857 രൂപ |
| 10 | ജനുവരി 2019 | 87,226 രൂപ |
| 11 | ഫെബ്രുവരി 2019 | 83,000 രൂപ |
| 12 | മാർച്ച്2019 | 88,561 രൂപ |
| | ആകെ ചെലവ് (തനത് ഫണ്ട്) | 8,19,640 രൂപ |
| | തനത് ഫണ്ടിലേക്ക് തിരിച്ചടച്ചത് | 4,53,476 രൂപ |
| | തിരിച്ചടക്കാൻ ബാക്കിയുള്ളത് | 98,005 രൂപ |

ഓരോ മാസത്തെ തുകയും വ്യത്യസ്ത വൗച്ചറുകളിലായാണ് നൽകിയിട്ടുള്ളത്. തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുമ്പോൾ തനത് ഫണ്ടിലേക്ക്

തിരിച്ചടക്കേണ്ടതാണ്.

## 1-14 കൊടുങ്കയം കോളനി നടപ്പാത കോൺക്രീറ്റ് - പ്രവൃത്തികൾ ചെയ്യാതെ ഫണ്ട് നഷ്ടപ്പെടുത്തി.

അസി. എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ട് നമ്പർ എസ്0119/19, കൊടുങ്കയം കോളനി നടപ്പാത കോൺക്രീറ്റ് എന്ന പ്രോജക്ടിന് ₹4,00,000/- (ടി.എസ്.പി. ഫണ്ട്) ആണ് വകയിരുത്തിയിട്ടുള്ളത്. 22.11.2017 -ൽ നടത്തിയ ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിലുള്ള ശ്രീ. സലിം കാരാടൻ എന്ന കാരറുകാരന്റെ ബിഡ് അംഗീകരിച്ചാണ് കാരാറുടമ്പടി വെച്ച് (43/17-18, 29.12.2017 ) പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ എഗ്രീഡ് പി.എ.സി. ₹391111/-യാണ്. എന്നാൽ ഈ പ്രോജക്ടിന്റെ ആകെ പ്രവൃത്തി മൂല്യം ₹240708/- രൂപയാണ്. 15.03.2019- ലെ ബിൽ നം. 48/18-19 പ്രകാരം മേൽ പറഞ്ഞ തുകയുടെ ചെലവ് നടത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ (37/18-19 പേജ് നമ്പർ 14) പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയതായി അസി. എഞ്ചിനീയർ

സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പല ഇനം പ്രവൃത്തികളും എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടതിലും കുറഞ്ഞ അളവിൽ മാത്രം ചെയ്തതായുമാണ് കാണുന്നത്. എന്നാൽ പ്രസ്തുത ഇനം പ്രവൃത്തികൾ കുറഞ്ഞ അളവിൽ ചെയ്തതിനും കാരണം രേഖപ്പെടുത്താതെയാണ് സാങ്കേതിക ഉദ്യോഗസ്ഥൻ പ്രവൃത്തി പൂർത്തിയായി എന്ന് അളവ് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

എസ്റ്റിമേറ്റ് അനുസരിച്ചുള്ള മുഴുവൻ പ്രവൃത്തികളും ചെയ്യാതെ പ്രവൃത്തികൾ പൂർത്തികരിച്ചെന്ന് സാക്ഷ്യപ്പെടുത്തിയതിന് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04/2018-19/19.12.2019 - ന് മറുപടിയായി 'എസ്റ്റിമേറ്റിൽ ഉള്ള ഉയരത്തിൽ കരിങ്കൽ കെട്ടിയാൽ നടപ്പാതയുടെ വശത്തുള്ള വീട്ടുകാർക്കും നടപ്പാത കടന്നു പോകുന്ന ഭാഗത്തെ വയലിൽകൃഷി ചെയ്യുന്ന കർഷകർക്കും ബുദ്ധിമുട്ടാകുമെന്നതിനാൽ നാട്ടുകാരുടെ ആവശ്യ പ്രകാരം വയലിന്റെ വശത്തുകൂടിയുള്ള കരിങ്കൽ കോട്ടിന്റെ ഉയരം കുറക്കുകയും നടപ്പാതയുടെ അവസാന ഭാഗത്ത് പാറകൾ നിറഞ്ഞതിനാൽ കരിങ്കൽ കെട്ടി പൊന്തിച്ച് കോൺക്രീറ്റ് ചെയ്യേണ്ട ആവശ്യം വരാത്തതിനാലുമാണ് ആകെ ചെയ്യേണ്ട പ്രവൃത്തിയുടെ അളവിൽ കുറവ് വന്നത് ' എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ മറുപടിയിൽ നിന്നും പ്രവൃത്തിയിൽ വ്യതിയാനം ഉണ്ടാകാൻ കാരണം എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ് എന്നാണ് വ്യക്തമാകുന്നത്. പ്രവൃത്തിയുടെ എഗ്രീഡ് പി.എ.സി. പ്രകാരമുള്ള തുകയിൽ ചെലവഴിക്കാത്ത തുക ₹150403/- (391111 - 240708) രൂപ മറ്റ് വികസന പ്രവൃത്തികൾ വിനിയോഗിക്കാനാകാതെ നഷ്ടമായിരിക്കുകയാണ്. മേലിൽ കൃത്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ഫണ്ട് പാഴായി പോകുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-15 കരാറുടമ്പടിവെച്ച് കരാറുകാരെ ഏൽപ്പിച്ച പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി

കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ എൽപ്പിക്കാവുന്നതുമാണ്.

ടെണ്ടർ നടത്തി കരാറുടമ്പടിവെച്ച് കരാറുകാരെ ഏൽപ്പിച്ച താഴെ പറയുന്ന പ്രവൃത്തികൾ നാളിതുവരെ പൂർത്തിയാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്ട് നം. , പേര് | അടങ്കൽ, ഫണ്ട് | കരാറുടമ്പടിയുടെ നം. , തീയതി | കരാറുകാരൻ |
|---|---|---|---|---|
| 1 | എസ്0018/19, എടക്കണ്ടൻ കോളനി കിണർ പുനരുദ്ധാരണം | ₹85000/- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 46/2018-19, 30.11.2018 | ജയരാജൻ ടി.എൻ. |
| 2 | എസ്0035/19, ചാമുണ്ടം മത്തൽമൂപ്പൻ കോളനിയിൽ കിണർ ഫ്ലാറ്റ് ഫോം നിർമ്മാണം | ₹150000/- ടി. എസ്. പി. ഫണ്ട് | 26/2018-19, 04.10.2018 | സിബി ഇ. |
| 3 | എസ്0059/19, പിണങ്ങോട് എരഞ്ഞിമൊട്ടംകുന്ന് റോഡ് മെയിന്റനൻസ് | ₹845000/- സംരക്ഷണ ഗ്രാന്റ് | 30/2018-19, 20.10.2018 | മെഹറൂഫ് പി.എ. |
| 4 | എസ്0148/19, തുമ്പൂർമൂഴി മാതൃകാ മാലിന്യസംസ്കരണ കേന്ദ്രം | ₹200000/- കേന്ദ്രവിഷ്കൃത ഫണ്ട് | 28/2018-19, 15.10.2018 | ഉണ്ണികൃഷ്ണൻ കെ. |
| 5 | എസ്0158/19, ഹരിത കേരളം - വെങ്ങപ്പള്ളി മിനി എം.സി.എഫ്. നിർമ്മാണം. | ₹250000/- കേന്ദ്രവിഷ്കൃത ഫണ്ട് | 52/2018-19, 12.12.2018 | ഹരീഷ് പി.ബി. |
| 6 | എസ്0057/19, ഹരിത കേരളം - കുടുംബാരോഗ്യ കേന്ദ്രത്തിന് മിനി | ₹250000/- കേന്ദ്രവിഷ്കൃത ഫണ്ട് | 36/2018-19, 13.11.2018 | റഫീഖ് കെ.എം. |

| | | | | |
|---|---|---|---|---|
| | എം.സി.എഫ്. നിർമ്മാണം. | | | |

മേൽ പറഞ്ഞ കരാറുകാർക്കെതിരെ നിർവ്വഹണം ഉദ്യോഗസ്ഥൻ നടപടി എടുത്തതായി കാണുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റിയും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽപറഞ്ഞ പ്രവൃത്തികളുടെ പുരോഗതി പരിശോധിച്ചതായി കാണുന്നില്ല.

വികസന ഫണ്ടും സംരക്ഷണ ഗ്രാന്റും സാമ്പത്തിക വർഷാവസാനം ലാപ്സാകുന്നതിനാൽ പ്രവൃത്തികൾക്കുവേണ്ടി വകയിരുത്തിയ ചെലവഴിക്കാത്ത പ്രസ്തുത തുകകൾ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുന്നതിന് ഇടയായിട്ടുണ്ട്. ആയതിന് പുറമേ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാതെ വരുന്നത് ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾകൊണ്ട് ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിലും കാലതാമസം ഉണ്ടാക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 05/2018-19/ 19.12.2019 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തിയാക്കാത്തെ കരാറുകാർക്കെതിരെ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-16 കരാറുടമ്പടി അംഗീകരിച്ചതിലും അധിക തുക കരാറുകാർക്ക് നൽകി.

കരാറുകാരൻ അംഗീകരിച്ചത് പ്രകാരമുള്ള കരാർ തുകയാണ് മരാമത്ത് പ്രവൃത്തികൾക്ക് പരമാവധി നൽകാവുന്നത്. അധികമായി പ്രവൃത്തി ചെയ്യേണ്ടതായി വരുകയാണെങ്കിൽ എസ്റ്റിമേറ്റിന്റെ 5% വരെ തുക ഭരണസമിയിയുടെ മുൻകൂർ അനുമതിയോടെ വർക്ക് സ്ലിപ്പ് തയ്യാറാക്കി ടി.എസ്. നൽകിയ ഉദ്യോഗസ്ഥന്റെ അംഗീകാരത്തോടെ നൽകാവുന്നതാണ്. 5% -ത്തിൽ അധികം വർധനവ് ഉണ്ടാകുന്നപക്ഷം എസ്റ്റിമേറ്റ് റിവൈസ്സ് ചെയ്ത് അംഗീകാരം വാങ്ങിയതിന് ശേഷമേ അധികമായി ചെയ്യേണ്ട പ്രവൃത്തി ചെയ്യാൻ പാടുള്ളൂ.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് ടെണ്ടർ/ക്വട്ടേഷൻ പ്രകാരം അംഗീകരിച്ച് കരാറുടമ്പടി വെച്ചതിലും അധിക തുക ഭരണസമിതിയുടെ അംഗീകാരം ഇല്ലാതെ നൽകിയിട്ടുണ്ട്.

| ക്രമ | പ്രോജക്ട് | അടങ്കൽ | ചെലവ് | കരാറുകരൻ | അധികം |
|---|---|---|---|---|---|

| നം. | നമ്പർ, പ്രോജക്ടിന്റെ പേര് | | തുക, ട്രഷറി ബിൽ നം., തീയതി | അംഗീകരിച്ച തുക | നൽകിയ തുക |
|---|---|---|---|---|---|
| | | | | | |
| 1 | എസ്.0130/19, തെക്കുംതറ പൂളകണ്ടി റോഡ് മെയിന്റനൻസ് | ₹800000/-<br>(സംരക്ഷണ ഗ്രാന്റ് )<br>എസ്റ്റിമേറ്റ് തുക: 793073/-<br>ലംപ് സം. }:6927/- | ₹800000/-, 50/18-19, 25.03.2019 | 793073/- | 6927/- |
| 2 | എസ്.0155/19, എം. എച്ച്. നഗർ ചോലപ്പുറം റോഡ് പുനരുദ്ധാരണം | ₹168750/-<br>(സംരക്ഷണ ഗ്രാന്റ് )<br>എസ്റ്റിമേറ്റ് തുക: 163025/-<br>ലംപ്. സം. }:5725/- | ₹168750/-, 41/18-19, 15.03.2019 | 163025/- | 5725/- |
| 3 | എസ്.0168/19, പിണങ്ങോട് ലക്ഷം വീട് കോളനി സ്റ്റെപ്പ് നിർമ്മാണം | ₹75000/-<br>(വികസന ഫണ്ട്)<br>എസ്റ്റിമേറ്റ് തുക: 69349/-<br>ലംപ് സം. }:5651/- | ₹75000/-, 26/18-19, 16.01.2019 | 69349/- | 5651/- |
| 4 | എസ്.0137/19, കല്ലമൊട്ടംകുന്ന് ശ്രീരാമക്ഷേത്രം റോഡ് മെയിന്റനൻസ് | ₹600000/- രൂപ (സംരക്ഷണ ഗ്രാന്റ് )<br>എസ്റ്റിമേറ്റ് തുക: 591990/- | ₹597132/-, 12/18-19, 18.09.2018 | 591990/- | 5142/- |

| | | | | | |
|---|---|---|---|---|---|
| | | ലംപ് സം. }:8010/- | | | |
| 5 | എസ്.0037/19, കല്ലമൊട്ടംകുന്ന് ശ്രീരാമക്ഷേത്രം റോഡ് മെയിന്റനൻസ് | ₹200000/- രൂപ (ടി.എസ്.പി. ) എസ്റ്റിമേറ്റ് തുക: 193822/- ലംപ് സം. }:6178- | ₹200000/-, 46/18-19, 15.03.2019 | 193822/- | 6178/- |
| ആകെ അധികം | | | | | ₹29,623/- |

പ്രോജക്റ്റിൽ ലംപ് സം പ്രൊവിഷനായി ഉൾപ്പെടുത്തിയ തുകയിൽ നിന്നുമാണ് അധികമായി നൽകിയ തുക നൽകിയിട്ടുള്ളത്.

മുൻകൂർ അനുമതിയില്ലാതെ കരാറുകാരൻ അംഗീകരിച്ച് കരാട്ടുമ്പടി വെച്ച തുകയിലും അധിക തുക നൽകിയതിന് രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 02/2018-19/18.12.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-17 ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

ഓട്ടംമുറംകുന്ന് തെരുവിളക്കിന് ലൈൻ വലിക്കുന്നതിന് പ്രോജക്റ്റ് നമ്പർ എസ്.0097/19 അനുസരിച്ച് ട്രഷറി ബിൽ നമ്പർ 61/18-19, തീയതി 20.03.2019 പ്രകാരം ₹28064/- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് കെ.എസ്.ഇ.ബി. -യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

ഓഡിറ്റിന് ലഭ്യമാക്കിയ ട്രഷറി ബില്ലുകൾ അനുസരിച്ച് മേൽ തുക കെ.എസ്.ഇ.ബി.- യുടെ പേരിലുള്ള അക്കൗണ്ട് നം.57068194880 (SBIN0070192) -ലേക്ക് കൈമാറിയതായാണ് കാണുന്നത്. കെ.എസ്.ഇ.ബി.- യുടെ കൈപ്പറ്റ് രശീതിയും കെ.എസ്.ഇ.ബി.-മായി ചമച്ച കരാറുടമ്പടിയും തുകകളുടെ വിനിയോഗ

സാക്ഷിപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ എന്ന വിവരവും മേൽ പറഞ്ഞ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാൻ താൽപര്യപ്പെടുന്നു. ഓഡിറ്റ് എൻക്വയറി നം. 03/2018-19/19.12.2019 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹28064/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

# 1-18 അംഗൺവാടി പോഷകാഹാരം(എസ് ടി) അർഹർക്ക് വിതരണം ചെയ്യാത്തത് സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു കീഴിലുള്ള അംഗൺവാടികളിൽ രജിസ്റ്റർ ചെയ്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 6 വയസ്സിനു താഴെയുള്ള കുട്ടികൾ, ഗർഭിണികൾ മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായത്തിലുള്ള കുട്ടികൾ എന്നിവർക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

പ്രൊജക്റ്റ് നം-80/18-19

പ്രൊജക്റ്റിന്റെ പേര്-അംഗൺവാടി പോഷകാഹാരം(എസ് ടി)

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഐ സി ഡി എസ് സൂപ്പർവൈസർ.

| | ടി എസ് പി ഫണ്ട് | കേന്ദ്രാവിഷ്കൃത ഫണ്ട് | ആകെ |
|---|---|---|---|
| അടങ്കൽ | 10,00,000/- | 5,00,000/- | 15,00,000/- |
| ചെലവ് | 9,97,870/- | 4,79,976/- | 14,77,846/- |

2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അംഗൺവാടി പോഷകാഹാര പദ്ധതി(എസ് ടി)ക്കുവേണ്ടി 14,77,846/- രൂപ ചെലവഴിച്ചിട്ടുണ്ട്. 6 വയസ്സിനു താഴെയുള്ള കുട്ടികൾ, ഗർഭിണികൾ മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായത്തിലുള്ള കുട്ടികൾ എന്നിവർക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനു വേണ്ടിയാണ് പദ്ധതി നടപ്പിലാക്കിയത്. വിവിധ അംഗൺവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് കോക്കുഴി അംഗൺവാടിയിൽ(അംഗൺവാടി നം.99) 2018-19 വർഷം 560 കൗമാരക്കാർ (12 മാസത്തേക്ക് 48*4+46*8) രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അതിൽ 202 കൗമാരക്കാർക്ക് മാത്രമേ പോഷകാഹാരം വിതരണം നടത്തിയിട്ടുള്ളൂ. പോഷകാഹാരത്തിനായി രജിസ്റ്റർ ചെയ്ത

കൗമാരക്കാരിൽ പകുതി ആളുകൾക്കുപോലും പോഷകാഹാരം വിതരണം ചെയ്തിട്ടില്ല.

ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പോഷകാഹാര വിതരണ പദ്ധതിയുടെ ആനുകൂല്യം മേൽ വിഭാഗത്തിന് ലഭിക്കുന്നുണ്ട് എന്ന് ഭാവിയിൽ ഉറപ്പുവരുത്തേണ്ടതാണ്.

## 1-19 പുനർജ്ജനി പദ്ധതി - കട്ടിലുകൾ മുഴുവൻ വിതരണം ചെയ്തിട്ടില്ല.

| പദ്ധതിയുടെ പേര് | പുനർജ്ജനി പദ്ധതി |
|---|---|
| പ്രോജക്റ്റ് നമ്പർ | S0071/19 |
| അടങ്കൽ | ₹ 800000/- (വികസനം - ടി.എസ്.പി) |
| ബിൽ നമ്പർ & തുക | 4/18-19/23.03.19 – 800000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 60 വയസ്സ് പൂർത്തിയായ എസ്.ടി വയോജനങ്ങൾക്ക് കട്ടിലുകൾ വിതരണം ചെയ്യുകയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ചെലവിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇൻവോയിസ് നമ്പർ | ഇനം | എണ്ണം | യൂണിറ്റ് നിരക്ക് | തുക |
|---|---|---|---|---|---|---|
| 2 | ആർട്ടിസാൻ കോപ്പറേറ്റീവ് ലിമിറ്റഡ്, കോഴിക്കോട്. | 501/20.03.19 | കട്ടിൽ | 184 യൂണിറ്റ്. | 4347.84 | 800000/- |

എന്നാൽ, രേഖകൾ പരിശോധിച്ചതിൽ നിന്നും 180 വയോജനങ്ങൾക്ക് മാത്രമാണ് കട്ടിലുകൾ വിതരണം ചെയ്തിട്ടുള്ളത് എന്നത് ബോധ്യപ്പെട്ടിട്ടുണ്ട്. 4 കട്ടിലുകൾ വിതരണം ചെയ്തിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/24.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. കട്ടിലുകൾ മുഴുവൻ

വിതരണം ചെയ്ത് അറിയിക്കേണ്ടതാണ്. 4 കട്ടിലുകളുടെ വില 17,391/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ലൈഫ് പദ്ധതി(ഫെയ്സ് 1) - എസ്.ടി വീടുകൾ-സ്റ്റേജ് വ്യക്തമാകുന്നില്ല.

നിലവിലുള്ള ഭവന നിർമ്മാണ പദ്ധതിയിലെ പൂർത്തിയാകാത്ത ഭവനങ്ങൾ ലൈഫിലേക്ക് മാറ്റുമ്പോൾ റ്റി.പി.റ്റി.എ അംഗങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപന അസിസ്റ്റന്റ് എഞ്ചിനീയർ / പബ്ലിക് വർക്സ് ഓവർസിയർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എഞ്ചിനീയർ, വാർഡ് തല കർമ്മ സമിതി അംഗങ്ങൾ എന്നിവർ സംയുക്തമായി പൂർത്തീകരിക്കാത്ത വീടുകൾ സന്ദർശിച്ച് ഗുണഭോക്താക്കളുടെ പങ്കാളിത്തം കൂടി ഉറപ്പ് വരുത്തി ഓരോ വീടിനും മൈക്രോ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ഓരോ വീടിന്റെയും മൈക്രോ പ്ലാൻ തയ്യാറാക്കിയ ശേഷം ആയത് ക്രോഡീകരിച്ച് വാർഡ് തല പ്ലാൻ തയ്യാറാക്കേണ്ടതാണ്. ( സ.ഉ. (എം.എസ്) നം. 196/2017/തസ്വഭവ/11.10.2017) എന്നാൽ, വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത്, മൈക്രോ പ്ലാൻ തയ്യാറാക്കുകയോ , പഞ്ചായത്ത് തല കർമ്മ സമിതി പരിശോധിക്കുകയോ ചെയ്തിട്ടില്ല. റ്റി.പി.റ്റി.എ റിപ്പോർട്ടുകളോ, ഏത് സ്റ്റേജിൽ നിർമ്മാണം തുടങ്ങാമെന്നോ അസി. എഞ്ചിനീയറുടെയോ വാർഡ്/പഞ്ചായത്ത് തല കർമ്മ സമിതി റിപ്പോർട്ടുകൾ തുടങ്ങിയവ ഫയലുകളിൽ ഇല്ല. നിലവിലുള്ള ഭവന നിർമ്മാണ പദ്ധതിയിൽ നിന്നും ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലേക്ക് ഉൾപ്പെടുത്തിയപ്പോഴുള്ള സ്റ്റേജ് ഏതാണെന്ന് വ്യക്തമാക്കുന്ന ഫോട്ടോകൾ മിക്ക ഫയലുകളിലും വെച്ചിട്ടില്ല. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ മിക്ക വീടുകളുടെ ഫയലുകളിലും റ്റി.പി.റ്റി.എ റിപ്പോർട്ട്, നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ട്, മുൻ ഭവന പദ്ധതിയിലെ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ, ലൈഫ് അപേക്ഷ തുടങ്ങിയവ ഫയലുകളിൽ ഇല്ല. ടി.എസ്.പി/ ഇ.എം.എസ് ഭവന നിർമ്മാണം രജിസ്റ്ററിലും സ്റ്റേജുകൾ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റേജ് സർട്ടിഫിക്കറ്റിന്റെയും, ഫോട്ടോകളുടെയും, റിപ്പോർട്ടുകളുടെയും അഭാവത്താൽ വീടുകൾ ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലേക്ക് ഉൾപ്പെടുത്തിയപ്പോഴുള്ള അവസ്ഥ വ്യക്തമായി പരിശോധിക്കുവാൻ ഓഡിറ്റിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | ഗുണഭോക്താവ് | ടി.എസ്.പി | മുൻപ് | ലൈഫ് | ലൈഫിൽ |
|---|---|---|---|---|---|

| നം | | – ഭവന നിർമ്മാണം വർഷം | കൈപ്പറ്റിയ തുക | എസ്റ്റിമേറ്റ് | നൽകിയ തുക |
|---|---|---|---|---|---|
| 1 | ജയകുമാർ.കെ, ഓാടക്കോട്ടുമ്മൽ, വെങ്ങപ്പള്ളി. | 2009-10 | 143750 | 323500 | 80000 |
| 2 | വെളിച്ചി, കോടഞ്ചേരി കോളനി. | 2009-10 | 31250 | 162000 | 135000 |
| 3 | കുളിയൻ വെള്ളൻ, ചാമുണ്ഡം കോളനി. | 2009-10 | 106250 | 194000 | 194000 |

കൂടാതെ, ലൈഫ് രജിസ്റ്റർ പൂർണ്ണമായും പൂർത്തിയാക്കുകയോ, ലൈഫ് ഭവന പദ്ധതിയുടെ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ എല്ലാ ഫയലുകളിലും സൂക്ഷിക്കുകയും ചെയ്തിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/24.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-21 ലൈഫ് ഭവന പദ്ധതി - ഫെയ്സ് 1- വീടുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

| പദ്ധതിയുടെ പേര് | ലൈഫ് ഭവന പദ്ധതി(ജനറൽ) | ലൈഫ് ഭവന പദ്ധതി(എസ്.റ്റി) |
|---|---|---|
| പ്രോജക്ട് നമ്പർ | S0111/19 | S0143/19 |
| അടങ്കൽ | ₹431667/- (വികസനം - ജനറൽ) | ₹31613589/- (വികസനം - ടി.എസ്.പി) |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |

ഇ.എം.എസ് ഭവന പദ്ധതിയിലെ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത

ഗുണഭോക്താക്കളെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ, താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതിയിലും ഗഡുക്കൾ നൽകിയിട്ടും നാളിതുവരെ ഇതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേര് | വിഭാഗം | മുൻ ഭവന പദ്ധതിയിൽ നൽകിയ തുക | ലൈഫ് ഭവന പദ്ധതിയിൽ നൽകിയ തുക/ചെക്ക് നമ്പർ | ലൈഫ് കരാർ നമ്പർ / തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | മാധവി.കെ, ഉദിരം വള്ളിക്കുന്ന്, മൂരിക്കാപ്പ്. | ജനറൽ | 20000/- | 190000/- | 12/01/2018 | ലിന്റൽ പൂർത്തിയായി. |
| 2 | വെളിച്ചി, കോടഞ്ചേരി കോളനി. | എസ്.റ്റി | 31250 | 135000 | 02.03.18 | മേൽക്കൂര പൂർത്തിയായി |
| 3 | ജാനു കോവിലേരിക്കുന്ന്. | എസ്.റ്റി | 106250 | 95000 | 22.01.18 | മേൽക്കൂര പൂർത്തിയായി |
| 5 | അപ്പ കരിമത്തൻ, കോവിലേരി ക്കുന്ന് കോളനി | എസ്.റ്റി | 68750 | 125000 | 22.01.18 | മേൽക്കൂര പൂർത്തിയായി |
| 6 | രുഗ്മിണി, ചൂരിയാറ്റ കോളനി | എസ്.റ്റി | 10000 | 550000 | 22.01.18 | മേൽക്കൂര പൂർത്തിയായി |

തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ (നം. 667/ഡി.ബി.1/2018/തസ്വഭവ തീ. 07.11.2018) പ്രകാരം പൂർത്തിയാകാത്ത വീട് പൂർത്തിയാക്കാൻ ലൈഫ് മിഷൻ

ഒന്നാം ഘട്ട പദ്ധതിയുടെ കീഴിൽ വീണ്ടും ഒരു ഗഡു കൂടി ധനസഹായം വാങ്ങുകയും വീടു പണി പൂർത്തിയാക്കാതിരിക്കുകയും ചെയ്താൽ നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതും മേലിൽ ഒരു സർക്കാർ ഭവന പദ്ധതിയിലും അവരെ പരിഗണിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/24.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-22 എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

തെരുവ് നായ വന്ധ്യംകരണത്തിനായുള്ള എ.ബി.സി പദ്ധതിക്ക് വേണ്ടി, 50000/- രൂപ വെറ്ററിനറി സർജൻ ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | എ.ബി.സി പദ്ധതിക്ക് തുക നൽകൽ |
| പ്രോജക്ട് നമ്പർ | S0103/19 |
| അടങ്കൽ | ₹50000/- (വികസനം - ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ചെലവ് | ബിൽ നം. 2/02.12.19, ₹ 50000/- |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/20.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ നിലവിലെ സ്ഥിതിയും, കൈപ്പറ്റ് രശീതി, ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്.

# 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് , നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 86 /19 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 164790 | 88/19 – നെൽകൃഷി വികസനം | 1,64,790 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | 86 /19 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 1225250 | 88/19 – നെൽകൃഷി വികസനം | 2,25,250 | 0 |

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | ഓട്ടുംപുറം കുന്ന് തെരുവ് വിളക്ക് ലൈൻ വലിക്കൽ | - | 28064 | 26128 | 1936 |

# 4-3 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | - | 62,37,035 | 62,37,035 | - | -- | 62,37,035 |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | | | | | | |

## 4-4 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,05,613 |
| തൻവർഷം നിക്ഷേപിച്ച തുക | 23,946 |
| ആകെ | 3,29,559 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 3,29,559 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ജില്ല സഹകരണ ബാങ്ക് കൽപ്പറ്റ സായാഹ്ന ശാഖ | 3,29,559 |

# <u>ഭാഗം -4</u>

# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-5 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 – വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3.15 | 2010-11 മുതൽ | 4.21 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് | 13 പൈപ്പുകൾ ഇനിയും |

| | | | | | |
|---|---|---|---|---|---|
| | | 2011-12 വരെ | | പദ്ധതിയിൽ ആവശ്യകത പരിഗണിക്കാതെ പൈപ്പുകൾ വാങ്ങി കൂട്ടി | കണ്ടെത്താനുണ്ട്. 31,154 രൂപയുടെ നഷ്ടം ഉണ്ടായതായി ഭരണ സമിതി കണ്ടെത്തി.തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

# 4-6 ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം

| റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയുടെ പേര് | തുക | തുക അടവാക്കിയ തിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|
| 2000-01 | 32, 33, 34 | ശ്രീ ജയകുമാർ<br>അസി.എഞ്ചിനീയർ | 62526/- രൂപ | അടവാക്കിയിട്ടില്ല. | .ശ്രീ ജയകുമാർ<br>മരണപ്പെട്ടു |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 51877191/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 79242199-/ |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 45,455/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നംമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 1-17 | 28,064 | തങ്കച്ചൻ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-19 | 17,391 | ഉമാദേവി, ടി.ഇ.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

--ഇല്ല--

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1988-89 | LF(W)P3 283/93 തിയ്യതി 16/06/2019 |
| 1989-90 | LF(W)P3 283/93 തിയ്യതി 16/06/2019 |
| 1990-91 | LF(W)P3 283/93 തിയ്യതി 16/06/2019 |
| 1995-96 | LF(W)P1/758/0/dt 11.12.08 /6.2.09 |
| 1996-97 | LF(W)P3/260/98 16/06/19 |
| 1997-98 | LF(W)P3/17/00 16.6.2019 |
| 1998-99 | LF(W)P3/260/98 02.07.04 |
| 1999-00 | LF(W)P3/17/00 16.6.2019 |
| 2000-01 | LF(W)P3/134 /02 /16-07-19 |
| | |

| | |
|---|---|
| 2001-02 PLAN | LF(W)P3/569 /16-07-19 |
| 2001-02 | ~~LF(W)P1/93 /07/16-07-19~~ |
| 2002-03 | LF(W)P1/814 /07/ 16/07/2019 |
| 2003-04 | LF(W)P1/911 /16/07/2019 |
| 2004-05 | LF(W)P1/910 /08/ 16.07.19 |
| 2005-06 | LF(W)P1/409 /09 16.07.19 |
| 2006-07 | LF(W)P1/416 /09 10/07/19 |
| 2007-08 | LF(W)P1/822 /10 12.4.2012 |
| 2008-09 | LF(W)P1/823 /10 17.5.13 |
| 2009-10, 2010-11 | LF(W)P1/576 /12 4.9.12 |
| 2011-12 | LF(W)P1/1031 /14/ 05/06/15 |
| 2012-13,2013-14, | LF(W)P1/902 /17/03/2018 |
| 2014-15 | K.S.A(WYD)P1-278/16-17/03/2018 |
| 2015-16 | K.S.A(WYD)P1-11/17-17/01/2017 |
| 2016-17 | K.S.A(WYD)P1-/419/2017 dtd 06/05/2019 |
| 2017-18 | K.S.A(WYD)P1-732/18/07/05/18 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
വയനാട് കൽപ്പറ്റ.

# <u>അനുബന്ധം -1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.ഡബ്ല.വൈ.ഡി.പി1- 51/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 01/02/2020

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4 -ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും/1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 31/03/2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറിൻെറ പരിശോധിന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൻെറ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എൻെറ അഭിപ്രായത്തിൽ വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2018-19

വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഡിറ്റ് കാര്യാലയം, വയനാട്.

# അനുബന്ധം -2 ന്യൂനതകളുടെ സംഗ്രഹം

1. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാത സ്റ്റേറ്റുമെന്റുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. KGB ബാങ്ക് അക്കൗണ്ട് നമ്പർ 40141101012996 ഉപയോഗിക്കുന്നില്ല.

3.DCB രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ തുകയും Receipt&Payment സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Items | As per Statement/Register | As per AFS | Difference |
|---|---|---|---|
| Property tax | Arrear-40642 | Arrear-37882 | 2760 |
| | Current-1503597 | Current-1487354 | 16243 |

4. വാർഷിക കണക്കിൽ ക്ലോസിംഗ് സ്റ്റോക്ക് കാണിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

5. ഡെപ്പോസിറ്റ് റിസീവ്ഡിൽ 620277 (B7 – 17-18 വർഷം) + 138219(RP34 – 18-19 വർഷത്തെ വരവ്) - 340081(RP 34 – 18-19 വർഷത്തെ ചെലവ്) = 418415 ആണ്

വരുന്നത്. എന്നാൽ 18-19 വർഷത്തെ B7 ഷെഡ്യൂളിൽ 530500 ആണുള്ളത്. 112085/- രൂപ വ്യത്യാസമുണ്ട്.

6. B-11 Schedule പ്രകാരം Depreciation ചാർജ്ജ് ചെയ്തിട്ടുണ്ടെങ്കിലും ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (ഡിപ്രീസിയേഷൻ നിരക്ക്, ആസ്തികളുടെ ബുക്ക് വാല്യൂ, ആസ്തിയുടെ ലൈഫ് ടൈം തുടങ്ങിയവ), ബന്ധപ്പെട്ട രേഖകളോ ഡാറ്റ ഷീറ്റോ സൂക്ഷിച്ചിട്ടില്ല.

7. RP-5 – ൽ Tender Form ഇനത്തിൽ 80800/- രൂപ ഉണ്ട്. എന്നാൽ, പ്രസ്തുത തുകയുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8. ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

9. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അതിനാൽ, RP 32 -വിൽ 6237035/- രൂപ സെക്യൂർഡ് ലോൺ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. RP 40 -ൽ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡ്ഡിൽ 3169012/- രൂപയുണ്ട്. എന്നാൽ ബി -11(എ) ഷെഡ്യൂൾ പ്രകാരം പൂജ്യമാണ്. അസി.എഞ്ചിനീയർ നൽകിയ റിപ്പോർട്ട് പ്രകാരം 825703/-രൂപയുടെ പാർട്ട് ബിൽ നൽകിയിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

കൽപ്പറ്റ,
01/02/2020